ങ്ങളുമായി ചർച്ചചെയ്ത് 'ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ' യനുസരിച്ച് ഏകദേശം 120 കോടി രൂപയായി ചുരുക്കുകയും എന്നാൽ ഏഴുവർഷംകൊണ്ട് കൊടുത്തു തീർക്കുകയുമാണ് പുനരുദ്ധാരണ പദ്ധതിയുടെ കാതൽ. പുതിയ സാങ്കേതികവിദ്യകൾ സ്വായത്തമാക്കുക, നിലവിലുള്ള സാങ്കേതികവിദ്യ നവീകരിക്കുക, നഷ്ടത്തിലുള്ള ഉൽപ്പന്നങ്ങൾ ഒഴിവാക്കി ഉൽപ്പന്ന ശ്രേണി നവീകരിക്കുക, അധികമുള്ള ഉദ്യോഗസ്ഥരെ കുറയ്ക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുക തുടങ്ങിയവയാണ് കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതിയുടെ പ്രധാന ഭാഗങ്ങൾ.

(സി) പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് യൂണിറ്റിൽ, കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിനുവേണ്ടിയുള്ള റൂറൽ ഓട്ടോമാറ്റിക് എക്സ്ചേഞ്ചുകളുടെ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാനും കുളത്തൂരിൽ പ്രവർത്തിക്കുന്ന കെൽട്രോൺ കമ്മ്യൂണിക്കേഷൻസ് യൂണിറ്റിന് ആവശ്യമായ സബ് അസംബ്ലി യൂണിറ്റുകളും നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

25 (600) വ്യവസായ വകുപ്പിൽ കെ.ബി.ഐ.പി. യുടേയും കെ.ഐ.ഇ.ഡി. യുടേയും പങ്ക്

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ കെ.ബി.ഐ.പി. (കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ) യുടെ പങ്ക് എന്താണ്;

(ബി) എന്തൊക്കെ സേവനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളുമാണ് കെ.ബി.ഐ.പി. വ്യവസായ വകുപ്പിന് നൽകിയിട്ടുള്ളത്;

(സി) പ്രതിവർഷം എത്ര രൂപയാണ് കെ.ബി.ഐ.പി. ക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്;

(ഡി) ഇതിൽ പ്ലാൻ/നോൺ പ്ലാൻ വിഹിതം എത്ര വീതമാണ് ഉദ്യോഗസ്ഥരുടെ ശമ്പളവും യാത്രാപ്പടിയും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) വ്യവസായ വകുപ്പിൽ കെ.ഐ.ഇ.ഡി. (കേരളാ ഇൻഡസ്ട്രിയൽ എന്റർപ്രിനർ ഡവലപ്മെന്റ്) യുടെ പങ്ക് എന്താണ്;

(എഫ്) വ്യവസായ വകുപ്പിൽ എത്ര ഉദ്യോഗസ്ഥൻമാരുടെ മുറികളിലാണ് എയർകണ്ടീഷനിംഗ് നടത്തിയിട്ടുള്ളത്; എത്ര പേർ കമ്പ്യൂട്ടർ ഉപയോഗിക്കുന്നു; ഇതിനായി എത്ര രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന് വ്യവസായ വികസന പരിപാടികളിൽ സാങ്കേതിക സഹായം നൽകുക എന്നതാണ് കെ.ബി.ഐ.പി. യുടെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യം മുൻനിർത്തി ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിന് അനുയോജ്യമായ ഗവേഷണ പഠനം നടത്തുക, വ്യവസായ സംബന്ധമായ ഡാറ്റാബേസുകളും ഇൻഫർമേഷൻ സിസ്റ്റവും സ്ഥാപിക്കുക ഇവയാണ് ഇതിന്റെ ലക്ഷ്യം.

(ബി) വ്യവസായ സംരംഭകർക്ക് രജിസ്ട്രേഷൻ സബ്സിഡി, മാർജിൻ മണി, വിൽപന നികുതി ഇളവുകൾ എന്നിവയ്ക്ക് വേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷാ ഫാറങ്ങൾ ബ്യൂറോ അച്ചടിച്ച് ജില്ലകളിൽ വിതരണം ചെയ്തു വരുന്നു. കൂടാതെ വ്യവസായവുമായി ബന്ധപ്പെട്ടിട്ടുള്ള സർക്കാർ ഉത്തരവുക ളുടെ കോംപൻഡിയം, ജില്ലകളിലെ വ്യവസായ സാദ്ധ്യതാ റിപ്പോർട്ട് എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സി.ഐ. ഐ.എഫ്.എ.സി.സി.ഐ. മുതലായ വ്യവ സായ വാണിജ്യ സംഘടനകൾ സംഘടിപ്പിക്കുന്ന സെമിനാറുകൾ/പ്രദർശന ങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കുകയും കേരളത്തിൽ വ്യവസായത്തിന് അനുകൂലമായിട്ടുള്ള പ്രത്യേക സാഹചര്യങ്ങളും മറ്റും ഉയർത്തിക്കാട്ടുകയും ചെയ്യുന്നു.

(സി) 1996-97-സാമ്പത്തിക വർഷം 20 ലക്ഷം രൂപയും 1997-98 സാമ്പ ത്തിക വർഷം 35 ലക്ഷം രൂപയും 1998-99 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും സംസ്ഥാന ബഡ്ജറ്റിൽ കെ.ബി.ഐ.പി. യ്ക്കായി നീക്കി വച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷം 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഇത് പ്ലാൻവിഹിതമാണ്. 1996-97 സാമ്പത്തിക വർഷത്തിൽ ഉദ്യോഗസ്ഥരുടെ ശമ്പളമിനത്തിൽ 2,72.440/- രൂപയും യാത്രാപ്പടിയിനത്തിൽ 31.194/- രൂപയും ചെലവഴിച്ചു 1997-98-ൽ ഇത് യഥാക്രമം 2.54.839/- രൂപയും 7,249/- രൂപയും 1998-99-ൽ 3,72,401/- രൂപയും 12,324/- രൂപയുമാണ്.

(ഇ) വ്യവസായ സംരംഭക വികസനത്തിനുള്ള അടിസ്ഥാന സൗക ര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് കെ.ഐ.ഇ.ഡി. സ്ഥാപിതമായത് വിവിധ ജില്ലകളിൽ പ്രധാനമന്ത്രിയുടെ തൊഴിൽദാനപദ്ധതിപ്രകാരം തെരഞ്ഞെടുക്ക പ്പെടുന്ന സംരംഭകർക്കായി തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്കായി നടത്ത പ്പെടുന്ന സംരംഭകത്വ പരിശീലനമാണ് ഐ.ഐ.ഇ.ഡി. ഇപ്പോൾ നടത്തി വരുന്ന പ്രവർത്തനം.

(എഫ്) വ്യവസായ വകുപ്പിൽ, ജില്ല ഓഫീസുകൾ ഉൾപ്പെടെ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിലേയ്ക്കായി 18 ഉദ്യോഗസ്ഥന്മാരുടെ മുറികളിൽ എയർക ണ്ടീഷനിംഗ് നടത്തിയിട്ടുണ്ട്. ഏകദേശം 150 ലേറെ ഉദ്യോഗസ്ഥന്മാർ കമ്പ്യൂട്ടർ ഉപയോഗിക്കുന്നു. ഇതിനായി ഒരു കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ട്.

26 (601) ദേശാഭിമാനി കെട്ടിടം കെട്ടുന്നതിന് നൽകിയ സിമന്റ്

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശാഭിമാനി പത്രത്തിന്റെ തൃശ്ശൂരിൽ നിർമ്മിക്കുന്ന കെട്ടിടം നിർമ്മിക്കുന്നതിന് മലബാർ സിമൻസ്റ്റിൽ നിന്ന് എത്ര ചാക്ക് സിമന്റ് നൽകുക യുണ്ടായി;

(ബി) ചാക്കൊന്നിന് എന്തു വിലവച്ചാണ് ഈ സിമന്റ് നൽകിയത്;

(സി) മലബാർ സിമന്റിൽനിന്നും ദേശാഭിമാനി കെട്ടിടം കെട്ടുന്നതിന് സിമന്റ് നൽകിയ കാലയളവിൽ മറ്റുള്ളവർക്ക് കമ്പനിയിൽനിന്നും സിമന്റ് നൽകിയത് എന്തു വില വച്ചായിരുന്നു;

(ഡി) ദേശാഭിമാനിക്ക് നൽകിയ സിമന്റിന്റെ വിലയും മറ്റുള്ളവർക്ക് അതേകാലത്ത് നൽകിയ സിമന്റിന്റെ വിലയും തമ്മിൽ വ്യത്യാസം ഉണ്ടായിരു ന്നുവോ;

(ഇ) എങ്കിൽ എന്ത് വ്യത്യാസം ഉണ്ടായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly